(ബി) ആരെല്ലാമാണ് ഇതിനായി സംസ്ഥാനത്ത് വന്നത്;

(സി) സംസ്ഥാനത്തെ സഹകരണ മെഡിക്കൽ കോളേജുകളെപ്പറ്റി സന്ദർശകരുടെ അഭിപ്രായമെന്തായിരുന്നു?

ഉത്തരം

(എ) പശ്ചിമബംഗാളിൽനിന്നുള്ള പഠനസംഘം എത്തിയിരുന്നു.

(ബി) പശ്ചിമബംഗാൾ സഹകരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. ഡി. കെ. ചക്രവർത്തി, സ്പെഷ്യൽ സെക്രട്ടറി ശ്രീ. വാസുദേവ് ഗുഹ മജുംദാർ എന്നിവരാണ് വന്നിരുന്നത്.

(സി) കൊച്ചി, പരിയാരം മെഡിക്കൽ കോളേജുകളുടെ പ്രവർത്തനം സസൂക്ഷ്മം നിരീക്ഷിച്ച സംഘം, വളരെ നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയത്. സഹകരണ മേഖലയിൽ അസൂയാവഹമായ രീതിയിൽ ഈ ബൃഹത്തായ രണ്ടു സ്ഥാപനങ്ങൾ പടുത്തുയർത്താൻ ധീരമായ നേതൃത്വം നൽകിയ സഹകരണ മന്ത്രിയെ അഭിനന്ദിക്കുകയും മറ്റു സംസ്ഥാനങ്ങൾക്ക് ഇത് മാതൃകയാണെന്നും അഭിപ്രായപ്പെട്ടു.

കാർഷിക വായ്പകൾ തിരിച്ചടയ്ക്കാനും പുനർവായ്പയെടുക്കാനും സംവിധാനം

98 [562] *ശ്രീ. എം. മുരളി:*

„ *കെ. സുധാകരൻ:*

„ *വി. ഡി. സതീശൻ:*

„ *എം. എം. ഹസ്സൻ:*

„ *വർക്കല കഹാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ നൽകിയിട്ടുള്ള കാർഷികവായ്പകൾ തിരിച്ചടയ്ക്കുന്നതിന് കർഷകർ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷികവായ്പകൾ തിരിച്ചടയ്ക്കുന്നതിനായി പുനർവായ്പ നൽകാൻ ഉദ്ദേശമുണ്ടോ;

(സി) എങ്കിൽ പുനർവായ്പയെടുത്ത് മുൻവായ്പയടയ്ക്കുന്നവർക്ക് മുൻവായ്പയിന്മേൽ ഉണ്ടായിട്ടുള്ള പലിശയ്ക്ക് ഇളവ് നൽകുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കാർഷിക വായ്പകൾ തിരിച്ചടയ്ക്കുന്നതിനായി പുനർവായ്പ നൽകാൻ നിലവിൽ വ്യവസ്ഥയില്ല. വിളനാശം സംഭവിച്ചതുകാരണം തിരിച്ചടയ്ക്കാൻ കഴിയാത്ത സാഹചര്യത്തിൽ പ്രാഥമിക കാർഷികവായ്പാ സഹകരണ സംഘങ്ങളിൽ നിന്നും എടുത്തിട്ടുള്ളത് 2003-2004-നു തിരിച്ചടയ്ക്കേണ്ടിയിരുന്നതുമായ ഹ്രസ്വകാല കാർഷികവായ്പകൾ മദ്ധ്യകാലവായ്പകളായും തിരിച്ചടയ്ക്കാൻ കഴിയാത്ത മദ്ധ്യകാലവായ്പാത്തവണകൾ പ്രത്യേക മദ്ധ്യകാലവായ്പകളായും മാറ്റുന്നതിന് സഹകരണസംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്രകാരം 124.28 കോടി രൂപയുടെ വായ്പാപരിവർത്തനവും 53.14 കോടി രൂപയുടെ വായ്പകളും വിതരണം ചെയ്തിട്ടുണ്ട്. ഇതിന്റെ സമയപരിധി 31-1-2005-ൽ അവസാനിച്ചു.

(സി) ബാധകമല്ല.

സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗം

99 [564] *ശ്രീ. പി. ടി. തോമസ്:*

പ്രൊഫ. കെ. വി. തോമസ്:

ശ്രീ. ജി. കാർത്തികേയൻ:

„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗത്തെപ്പറ്റി ഡിപ്പാർട്ടുമെന്റുതലത്തിൽ അന്വേഷണം നടക്കുന്നു;

(ബി) 2005 ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തണമെന്ന് ആവശ്യപ്പെട്ട് നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്;

(സി) ഇവയിൽ ഏതെല്ലാം സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗത്തെപ്പറ്റി വിജിലൻസ് അന്വേഷണം നടത്താൻ ഉത്തരവായിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) സഹകരണ സ്ഥാപനങ്ങളിലെ ധനദുർവിനിയോഗത്തെപ്പറ്റി കേരള സഹകരണ നിയമപ്രകാരം അന്വേഷണം/പരിശോധന നടന്നുവരുന്ന 55 സഹകരണ സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.†

---

†അനുബന്ധം XI.

LIBRARY ARCHIVES Kerala Legislative Assembly